**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **29-01-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ രംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പൊതുവിതരണ രംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആശ്രമങ്ങൾ/കോൺവെന്റുകൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് നൽകി.<br><br>2. ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകുവാൻ തുടങ്ങി.<br><br>3. തെളിമ പദ്ധതി വഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.<br><br>4. മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി (100% Online)<br><br>5. Operation Yellow പദ്ധതി പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും പിഴ ഈടാക്കുവാനും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്യുവാനും ആരംഭിച്ചു.<br><br>6. 1988 ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഓൺലൈൻ ആക്കുന്നതിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കാൻ തീരുമാനിക്കുകയും ആയതിനായി ARVENSION Technologies എന്ന സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു. |

7. സംസ്ഥാനത്തിലെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട 'എഫ് പി എസ് Mobile' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു.

8. സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി പി എസ് ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

9. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും തടസ്സ രഹിത നെറ്റ്‌്.വർക്ക് കണക്ടിവിറ്റി സാധ്യമാക്കുന്നതിന്റെ ഭാഗമായി കെ-ഫോൺ നെറ്റ്.വർക്കിലേക്ക് മാറുന്നതിനായി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളെയും കെ ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

10. പൊതുവിതരണ രംഗം ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തി നിലവിൽ നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

a. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉല്പന്നമായ ഹില്ലി അക്വാ കുപ്പിവെള്ളം ഒരു ലിറ്ററിന് 10 രൂപ നിരക്കിൽ (നിലവിൽ 5 ജില്ലകളിൽ) ലഭ്യമാക്കി വരുന്നു.

b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/ പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ

c. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ

d. IOC യുടെ ചോട്ടു ഗ്യാസ്

e. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ

f. CSC വഴിയുള്ള സേവനങ്ങൾ

| | | | |
|---|---|---|---|
| | | | ഉ. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.<br><br>11. സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>12. സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONORC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യ സംസ്ഥാന തൊഴിലാളികളിൽ ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെയുള്ള രീതിയിൽ മൂന്ന് വിഭാഗമായി തരം തിരിച്ച് റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കിയിട്ടുണ്ട്.<br><br>13. ഇലക്ട്രോണിക് ഫയലിംഗ് സംവിധാനമായ ഇ-ഓഫീസ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലെ 100 ഓഫീസുകളിലും, CONSUMER DISPUTES REDRESSAL COMMISSION ഹെഡ് ഓഫീസിലും (State – CDRC) വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട് |
| (ബി) | റേഷൻ കടകളെ നവീകരിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വില്പന നടത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ